**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1734** **11-10-2024 - ൽ മറുപടിയ്ക്ക്**

**കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ കേന്ദ്രമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ കേന്ദ്രമാക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | വിദ്യാർത്ഥികളുടെ ഗവേഷണ-നൈപുണ്യ വികസനത്തിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ നടപ്പ് അധ്യയന വർഷം മുതൽ നാല് വർഷ ബിരുദ കോഴ്സുകൾ സംസ്ഥാനത്ത് ആരംഭിക്കുകയുണ്ടായി. വൈജ്ഞാനിക മേഖലയിൽ കുതിച്ചുചാട്ടം ലക്ഷ്യമിട്ട് കലാലയങ്ങളിൽ നിലവിലുള്ള പരമ്പരാഗത കോഴ്സുകളോടൊപ്പം **ന്യൂജനറേഷൻ കോഴ്സുകൾ** അനുവദിച്ചിട്ടുണ്ട്. കോളേജുകളെ യൂണിവേഴ്സിറ്റികളുമായും ഇൻഡസ്ട്രിയൽ സ്ഥാപനങ്ങളുമായും ബന്ധിപ്പിക്കുന്ന '**ലീഡ്**' പോലുള്ള പദ്ധതികളും വകുപ്പിൽ നടപ്പിലാക്കി വരുന്നു.<br><br>സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ക്ലാസ്സുകൾ ക്രമീകരിക്കുന്നതിനായി എല്ലാ ക്ലാസ്സുകളും സ്മാർട്ട് ക്ലാസ്സ് ആക്കുന്നതിനുള്ള പദ്ധതി, ലൈബ്രറി ഡിജിറ്റലൈസേഷൻ, ഓൺലൈൻ ക്ലാസ്സുകൾ ക്രമീകരിക്കുന്നതിനുള്ള പദ്ധതി, ഗ്രീൻ ക്യാമ്പസ് തുടങ്ങിയ ക്രമീകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അക്കാദമിക മികവിനും റിസേർച്ചിനും പ്രോത്സാഹനം നൽകുന്നതിനായി **PLEASE,** വിദ്യാർത്ഥികളുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി **ജീവനി, പഠനത്തോടൊപ്പം തൊഴിൽ ( Earn While You Learn)**, എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരവും ആധുനിക ഗവേഷണവും മെച്ചപ്പെടുത്തുന്നതിന് വേണ്ടി വിവിധ സർവകലാശാലകളിൽ **ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ** ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ കേരള, മഹാത്മാഗാന്ധി, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലകളിൽ |

**സെന്റർ ഓഫ് എക്സലൻസ്** ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കേരളത്തിന് പുറത്ത് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രഗത്ഭരായ വ്യക്തികളുടെ വിജ്ഞാനസമ്പത്ത് സംസ്ഥാനത്തിന്റെ ഉന്നതവിദ്യാഭ്യാസ രംഗത്ത് പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ **ബ്രെയിൻ ഗെയിൻ** എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

അക്കാദമിക് സമൂഹത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി ആശയവിനിമയം നടത്തുന്നതിനുള്ള **എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പദ്ധതി,** സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും/ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഇ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല **ഇ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium)** എന്നിവ രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ സർവകലാശാല ലൈബ്രറികളിലെ 15 ലക്ഷത്തോളം പുസ്തകങ്ങളും തീസിസുകളും കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് **(Kerala Academic Library Network - KALNET)** പ്രവർത്തനം ആരംഭിച്ചു. സംസ്ഥാനത്തെ കോളേജുതല ലൈബ്രറികളേയും ഈ ശൃംഖലയിൽ പങ്കാളികളാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തിക്കൊണ്ട് ഗ്രേഡിംഗ് നൽകുന്നതിനായി കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ **സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC) പ്ര**വർത്തിച്ചുവരുന്നു. ഇതു കൂടാതെ NIRF മാതൃകയിൽ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്ക് ചെയ്യുന്ന **കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (Kerala Institutional Ranking Framework) (KIRF)** പ്രാവർത്തികമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

സർവ്വകലാശാലാ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതികവിദ്യ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി **K-REAP** എന്ന പദ്ധതി സർക്കാർ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| | | | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സഹായകരമാകുന്ന തരത്തിലുള്ള **ടെക്നോളജി ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.**<br><br>തൊഴിൽ ദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിന് കീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ '**ഇൻഡസ്ട്രി ഓൺ ക്യാമ്പസ്**' പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>സംസ്ഥാനത്തെ കോളേജുകളിൽ **Mini Industrial Units** ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. |
| (ബി) | സ്വകാര്യ മേഖലയിൽ ഉന്നത വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | 2023 -ലെ സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്ക് അനുസരിച്ച് ഉന്നത വിദ്യാഭ്യാസ മേഖലയിൽ 16 സർവ്വകലാശാലകളും 1463 കോളേജുകളും (സർക്കാർ - 236, എയിഡഡ് - 184, സ്വാശ്രയം - 1043) ഉണ്ട്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ബഹുഭൂരിപക്ഷം സ്ഥാപനങ്ങളും (എയിഡഡ്/ സ്വാശ്രയ) സ്വകാര്യമേഖലയിലാണുള്ളത്. ഇതിന്റെ ഫലമായി വിദ്യാർത്ഥികളിൽ ഏറിയ പങ്കും സ്വകാര്യമേഖല സ്ഥാപനങ്ങളിലെ പ്രോഗ്രാമുകളിലാണ് പഠിക്കുന്നത്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്ത് സ്വകാര്യ മേഖലയുടെ സാന്നിധ്യം വളരെ ശക്തമാണ്. ഈ മേഖലയ്ക്ക് ആവശ്യമായ പിന്തുണ സർക്കാരും സർവ്വകലാശാലകളും നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ